# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>കുടിവെള്ള വിതരണത്തിനായി സിയാൽ മോഡൽ കമ്പനി</u>

805

ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണത്തിനായി സിയാൽ മോഡൽ കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ആയതിനായി തലസ്ഥാനത്ത് ഉദ്യോഗസ്ഥതല ചർച്ചകൾ നടന്നിട്ടുണ്ടോ; എങ്കിൽ ആയത് വകുപ്പിന്റെ അറിവോടുകൂടിയാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ചർച്ചയുടെ വിശദാംശങ്ങൾ എന്തെല്ലാമെന്നറിയിക്കുമോ; സർക്കാരിന്റെയും കമ്പനിയുടെയും ഭാഗത്തുനിന്ന് ആരെല്ലാമാണ് പ്രസ്തുത ചർച്ചയിൽ പങ്കെടുത്തത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ശബരിമലയിലെ കുടിവെള്ളവിതരണം</u>

806 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ കുടിവെള്ളവിതരണം സ്വകാര്യകമ്പനിക്കു കൈമാറുന്നതു സംബന്ധിച്ച് വാട്ടർ അതോറിറ്റിയും, ആന്ധ്രാ പ്രദേശ് ആസ്ഥാനമായി പ്രവർത്തിക്കുന്ന 'വാട്ടർലൈഫ്' കമ്പനി മേധാവിയും തമ്മിൽ ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) മണ്ഡല-മകരവിളക്കുകാലത്ത് അര ലിറ്റർ വെള്ളം കുപ്പിയിലാക്കി സൗജന്യമായും, ഘട്ടംഘട്ടമായി വില ഈടാക്കിയും വില്പന നടത്തുവാനുള്ള അനുമതി കമ്പനി തേടിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം നഗരത്തിലെ ശുദ്ധജലവിതരണം</u>

807 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു ദിവസം തലസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ എത്ര ലിറ്റർ ജലം ജല അതോറിറ്റി നൽകുന്നുണ്ട്;

(ബി) തിരുവനന്തപുരം നഗരത്തിൽ 2013 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ശുദ്ധജല വിതരണ പൈപ്പുകൾ പൊട്ടിയ അവസരത്തിൽ ടാങ്കറുകളിലും മറ്റുമായി എത്ര ലിറ്റർ ജലമാണ് വിവിധ ആശുപത്രികളിൽ എത്തിച്ചത്; ഏത് ഏജൻസിയാണ് ജലം വിതരണം ചെയ്തത്; ഇതിനായി എത്ര തുക ചെലവായിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ജലഗുണനിലവാര പരിശോധന</u>

808 ശ്രീ. കെ. അച്ചുതൻ
,, ആർ. സെൽവരാജ്
,, ഷാഫി പറമ്പിൽ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലഗുണനിലവാര പരിശോധന വിപുലമാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭ്യമാകുന്നത്;

(ഇ) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കുപ്പിവെള്ളത്തിന്റെ വിലയും ഗുണനിലവാരവും</u>

809 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം കമ്പനികളാണ് കുപ്പിയിലാക്കിയ കുടിവെള്ളം വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്പനികൾ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ.

(സി) കുപ്പിവെള്ളത്തിന്റെ വിലയിൽ കമ്പനികൾ ഭീമമായ വർദ്ധനവ് വരുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കുപ്പിവെള്ളത്തിന്റെ വില നിയന്ത്രിക്കുന്നതിനും ഗുണനിലവാരം കർശനമായി പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ജലാശയങ്ങളുടെ സ്വാഭാവിക വിസ്തൃതി</u>

810 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍
,, പി. ഉബൈദുള്ള
,, എന്‍. എ. നെല്ലിക്കുന്ന്
,, പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ കായലുകളുടെയും തടാകങ്ങളുടെയും വിസ്തൃതി ക്രമാനുഗതമായി കുറഞ്ഞുവരുന്നത് ഗൗരവപൂര്‍വ്വം പരിഗണിച്ചിട്ടുണ്ടോ; എങ്കില്‍ അവയുടെ സ്വാഭാവിക വിസ്തൃതി നിലനിര്‍ത്താന്‍ സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദമാക്കുമോ;

(ബി) ജലാശയങ്ങളുടെ വിസ്തൃതി സംബന്ധിച്ച രാജഭരണ കാലത്തെ പ്ലാനുകളും സര്‍വ്വേ രേഖകളും ലഭ്യമാണോ; എങ്കില്‍ ആയതുപ്രകാരം പ്രധാന കായലുകളുടെയും, തടാകങ്ങളുടെയും വിസ്തൃതി സംബന്ധിച്ച വിശദവിവരം നല്‍കുമോ;

(സി) കായല്‍ത്തീരങ്ങളില്‍ ജലനിരപ്പില്‍നിന്ന് എത്ര മീറ്റര്‍ ദൂരമാണ് പുറമ്പോക്കായി നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>മഴക്കാല ശുദ്ധജല സംഭരണം</u>

811 ശ്രീ. എൻ. ഷംസുദ്ദീൻ
,, കെ. എൻ. എ. ഖാദർ
,, സി. മോയിൻകുട്ടി
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാല ശുദ്ധജലസംഭരണം സംബന്ധിച്ച് നിർദ്ദേശങ്ങളടങ്ങുന്ന എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിലെ നിർദ്ദേശങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) മഴവെള്ളം ശേഖരിക്കപ്പെടേണ്ട കുളങ്ങളും തടാകങ്ങളും, കിണറുകളും മണ്ണ് നിറഞ്ഞും മാലിന്യനിക്ഷേപങ്ങൾ മൂലവും ഉപയോഗശൂന്യമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അടുത്ത മഴക്കാലത്തിനുമുമ്പായി അവയെല്ലാം പുനരുദ്ധരിക്കുന്നതിനും ശുദ്ധീകരിക്കുന്നതിനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതി</u>

812 ശ്രീ. കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്
,, എം. എ. വാഹീദ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ.

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളുടെ നവീകരണത്തിനും അറ്റകുറ്റപണികൾക്കും എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ.

(ഡി) ലോകബാങ്ക് പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ഇ) പ്രസ്തുത പദ്ധതി എത്ര വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നറിയിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ഭാരതപ്പുഴയിലെ തടയണകളുടെ നിർമ്മാണം</u>

813 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാവിയിൽ ഉണ്ടായേക്കാവുന്ന രൂക്ഷമായ വരൾച്ചയും കുടിവെള്ള ക്ഷാമവും പരിഹരിക്കുന്നതിലേക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭാരതപ്പുഴയിൽ എത്ര തടയണകൾ നിർമ്മിക്കുവാനാണ് പദ്ധതി തയ്യാറാക്കിയിരുന്നതെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) അവയിൽ ഏതെല്ലാം തടയണകളുടെ നിർമ്മാണം ആരംഭിച്ചുവെന്നും അവ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ;

(സി) തടയണകൾ നിർമ്മിക്കുവാൻ ഭരണാനുമതി നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കുന്നതിന്റെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) വരൾച്ചയും കുടിവെള്ള ക്ഷാമവും കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ തടയണകളുടെ സമയബന്ധിതമായ നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുവാൻ കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഉന്നതതല സമിതി രൂപീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പുഴകൾ സംരക്ഷിക്കുന്നതിനുള്ള സമഗ്ര പദ്ധതി</u>

814 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ
,, വർക്കല കഹാർ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുഴകൾ സംരക്ഷിക്കുന്നതിനുള്ള സമഗ്രപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പുഴകളെ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പദ്ധതിക്ക് എത്ര കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ജലശ്രീ ഹരിതശാലാ ലാബുകൾ</u>

815 ശ്രീ. ബെന്നി ബെഹനാൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലശ്രീ ഹരിതശാലാലാബുകളുടെ പ്രവർത്തനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭ്യമാകുന്നത്;

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ജലകര്‍മ്മ സേന</u>

816 ശ്രീ. സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്
,, എം. പി. വിന്‍സെന്റ്
,, വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജലകര്‍മ്മ സേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ ;

(ബി) ഏത് പദ്ധതിയിന്‍ കീഴിലാണ് പ്രസ്തുത സേനകള്‍ പ്രവര്‍ത്തിക്കുന്നത്; വിശദാംശങ്ങള്‍ നല്‍കുമോ;

(സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രസ്തുത സേനകള്‍ പ്രവര്‍ത്തിക്കുന്നത്;

(ഡി) ഏതെല്ലാം ഏജന്‍സികളുമായി സഹകരിച്ചാണ് പ്രസ്തുത സേന പ്രവര്‍ത്തിക്കുന്നത്; വിശദാംശങ്ങള്‍ നല്‍കുമോ ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>കുടിവെള്ള കമ്പനി</u>

817 ഡോ. റ്റി.എം. തോമസ് ഐസക്
ശ്രീ. എളമരം കരീം
,, കെ. രാധാകൃഷ്ണൻ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ഉൾപ്പെടെ കുടിവെള്ള വിതരണത്തിനായി ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഏതൊക്കെ കുടിവെള്ള സ്രോതസ്സുകളാണ് ഉപയോഗിക്കാൻ അനുവദിച്ചിരിക്കുന്നത്;

(സി) 'സിയാൽ മോഡൽ' കുടിവെള്ള കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ഡി) കുടിവെള്ള കമ്പനി രൂപീകരിക്കുന്നതിനായി ഹൈദരാബാദ് ആസ്ഥാനമായ വാട്ടർലൈഫ് കമ്പനിയുമായി വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ നടത്തിയ ചർച്ചയുടെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

കുടിവെള്ളക്ഷാമം

818

ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ വരൾച്ചാഭീഷണി നേരിടുന്ന സംസ്ഥാനത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) നിലവിൽ നടപ്പാക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കുടിവെള്ള പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>വരൾച്ചയും കുടിവെള്ളക്ഷാമവും നേരിടുന്നതിന് സ്വീകരിച്ച നടപടികൾ</u>

819 ശ്രീ. എം. ചന്ദ്രൻ
,, രാജു എബ്രഹാം
,, വി. ചെന്താമരാക്ഷൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്ത വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കുന്നത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച അധിക ഫണ്ട് എത്രയെന്നറിയിക്കുമോ; അതിൽ എത്ര തുക വീതം ഏതെല്ലാം പദ്ധതികൾക്കായി ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

(സി) കുടിവെള്ള വിതരണത്തിനായി ഓരോ ജില്ലയ്ക്കും അധികമായി അനുവദിച്ച തുകയും അതിന്റെ വിനിയോഗവും അറിയിക്കുമോ;

(ഡി) വരൾച്ചാ പ്രതിരോധ പരിപാടികൾക്കായി ലഭ്യമായ കേന്ദ്രസഹായം എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>കടൽ വെള്ളം ശുദ്ധീകരിച്ച് ഉപയുക്തമാക്കാൻ പദ്ധതി</u>

820 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കടൽവെള്ളം ശുദ്ധീകരിച്ചു ഉപയുക്തമാക്കുന്ന പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

## ഡീസലൈനേഷൻ പ്ലാന്റുകൾ

821 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' ഹൈബി ഈഡൻ
'' ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസലൈനേഷൻ പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭ്യമാക്കുന്നത്;

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കാൻ നടപടി

822 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്ത വരൾച്ചയിലും ജല അതോറിറ്റി ഏറ്റെടുത്ത കുടിവെള്ള പദ്ധതികളുടെ നിർമ്മാണം അനിശ്ചിതമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ 10 വർഷത്തിനിടെ ഭരണാനുമതി ലഭിച്ച നിരവധി ശുദ്ധജല പദ്ധതികളുടെ നിർമ്മാണം നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കഴിഞ്ഞ 10 വർഷത്തിനിടെ ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെ പൂർത്തീകരിക്കുവാൻ സാധിക്കാത്ത ശുദ്ധജല പദ്ധതികൾ ഏതൊക്കെയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളിൽ എത്രയെണ്ണം ഈ വേനൽക്കാലത്ത് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നറിയിക്കുമോ; എങ്കിൽ ആയത് ഏതൊക്കെ പദ്ധതികളെന്ന് വ്യക്തമാക്കുമോ;

(ഇ) ആറ്റുകാൽ പൊങ്കാലയുടെ തലേദിവസം തലസ്ഥാനത്ത് നാലിടത്ത് ഒരുമിച്ച് ശുദ്ധജല വിതരണ പൈപ്പുകൾ പൊട്ടിയ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ കാരണങ്ങൾ കൊണ്ടാണ് അപ്രകാരം സംഭവിച്ചത്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

ജാറുകളിൽ വെള്ളം നൽകുന്നതിനുള്ള കമ്പനി

823 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജാറുകളിൽ വെള്ളം നൽകുന്നതിനുള്ള ഒരു കമ്പനിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്പനിയിൽ സർക്കാരിനുള്ള ഓഹരി എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്പനി എവിടെ നിന്നാണ് വെള്ളം ശേഖരിക്കുന്നതെന്നറിയിക്കുമോ;

(ഡി) കടൽ വെള്ളം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് പ്രസ്തുത കമ്പനിക്ക് കഴിയുമോയെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ജലസ്രോതസ്സുകളുടെ നവീകരണം</u>

824 ശ്രീ. എം. ഉമ്മർ
ശ്രീ. പി. കെ. ബഷീർ
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലസമൃദ്ധമായ ചിറകളും കുളങ്ങളും നവീകരിക്കുന്നതിന് നടപടി സ്വീകരിക്കാത്ത പഞ്ചായത്തുകളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി അത്തരം ചിറകളും കുളങ്ങളും നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നവർ ഹോളോബ്രിക്സ് കമ്പനികൾക്കും ഹോട്ടലുകൾക്കും വെള്ളം മറിച്ചുവിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കുടിവെള്ള വിതരണത്തിലെ അത്തരം പ്രവണതകൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**20.03.2013-ലെ മറുപടിക്ക്**

<u>ജലപാതകൾ ഗതാഗതയോഗ്യമാക്കുന്നതിനുള്ള പദ്ധതി</u>

825 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലപാതകൾ ഗതാഗതയോഗ്യമാക്കുന്നതിനു പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുതപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുതപദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്കു ലഭ്യമാകുന്നത്;

(ഇ) പ്രസ്തുതപദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**20.03.2013-ലെ മറുപടിക്ക്**

<u>തലസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന ശുദ്ധജല വിതരണ പൈപ്പ് പൊട്ടൽ</u>

826 ശ്രീ. വി. എസ്. സുനിൽ കുമാർ
,, വി. ശശി
,, ജി. എസ്. ജയലാൽ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന ശുദ്ധജല വിതരണ പൈപ്പ് പൊട്ടലിനു പിന്നിൽ അട്ടിമറിയുള്ളതായി സംശയിക്കുന്നുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; ഏതു തരത്തിലുള്ള അന്വേഷണമാണ് നടത്തിയത്; അന്വേഷണ റിപ്പോർട്ട് വിവരങ്ങൾ വ്യക്തമാക്കുമോ.;

(ബി). പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ആറ്റുകാൽ പൊങ്കാലയുടെ തലേ ദിവസം തിരുവനന്തപുരം നഗരത്തിലേക്കുള്ള ശുദ്ധജല വിതരണ പൈപ്പ് ലൈൻ പൊട്ടിയതിനെത്തുടർന്ന് ജനങ്ങൾക്കും ഭക്തജനങ്ങൾക്കും കുടിവെള്ളമെത്തിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത സാഹചര്യത്തെതുടർന്ന് ടാങ്കറുകളിൽ കുടിവെള്ളമെത്തിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ സർക്കാർ ചെലവിൽ എത്ര ടാങ്കറുകളാണ് കുടിവെള്ള വിതരണം നടത്തിയത്; ഇതിൽ സർക്കാർ ഉടമസ്ഥതയിലുള്ള ടാങ്കറുകൾ എത്ര; സ്വകാര്യ ടാങ്കറുകൾ എത്ര; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ദിവസങ്ങളിലെ കുടിവെള്ള വിതരണത്തിനായി മൊത്തം ചെലവഴിച്ച തുകയെത്ര;ആയതിൽ സ്വകാര്യ ടാങ്കറുകളുടെ ചെലവ് എത്രയായിരുന്നുവെന്നറിയിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കുടിവെള്ളവിതരണ പൈപ്പുകൾ പൊട്ടിയ സംഭവം</u>

827 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ കുടിവെള്ളവിതരണ പൈപ്പുകൾ എത്ര തവണ പൊട്ടിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഓരോ തവണയും പ്രസ്തുത പൈപ്പുപൊട്ടലുകൾക്കു ശേഷം അറ്റകുറ്റപ്പണികൾക്കായി ഇതിനകം എന്തു തുക ചെലവായിട്ടുണ്ടെന്നു വിശദമാക്കുമോ;

(സി) ഓരോ പൈപ്പുപൊട്ടൽസമയത്തും ടാങ്കർ ലോറി വഴി കുടിവെള്ളം വിതരണം ചെയ്ത ഇനത്തിൽ ഇതിനകം എന്തു തുക ചെലവഴിച്ചുവെന്നു വിശദമാക്കുമോ;

(ഡി) ആറ്റുകാൽ പൊങ്കാലയുടെ തലേദിവസമുണ്ടായ പൈപ്പുപൊട്ടൽ അന്വേഷിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാ ക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് മാസ്റ്റർ പ്ലാൻ</u>

828 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് എന്തെങ്കിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കനാലുകൾക്ക് കുറുകെ പാലം നിർമ്മിക്കാൻ സ്വകാര്യ വ്യക്തികൾക്ക് അനുമതി</u>

829 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കനാലുകൾക്ക് കുറുകെ പാലം നിർമ്മിക്കുന്നതിന് സ്വകാര്യവ്യക്തികൾക്ക് അനുമതി ലഭിക്കാൻ എന്തെല്ലാം നിബന്ധനകളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത അനുമതി നൽകുവാനുള്ള അധികാരം അതാത് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി</u>

830 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) "ഒരു പഞ്ചായത്തിൽ ഒരു കുളം" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങൾ പുനരുദ്ധരിക്കുന്നതിന് അരൂർ എം.എൽ.എ നൽകിയ ലിസ്റ്റ് പ്രകാരം എത്ര കുളങ്ങൾ പുനരുദ്ധരിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും അവ ഏതൊക്കെയെന്നും അറിയിക്കുമോ;

(ബി) ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ അടിയന്തിരമായി ഭരണാനുമതി നൽകി പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>നെൽകൃഷിക്ക് വേണ്ടിയുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ</u>

831 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിക്ക് വേണ്ടിയുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർണ്ണമായും പ്രവർത്തനക്ഷമമല്ലാത്തവയുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതികൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പുലിമുട്ട് നിർമ്മാണ പദ്ധതിക്കുള്ള കേന്ദ്ര സഹായം</u>

832 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തീരപ്രദേശങ്ങളിൽ കടൽക്ഷോഭം നേരിടുന്നതിനുള്ള പുലിമുട്ട് നിർമ്മാണ പദ്ധതിക്കുള്ള കേന്ദ്ര സഹായം, സംസ്ഥാനം പദ്ധതി സമർപ്പിക്കാത്തതു മൂലം നഷ്ടമായിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി സമർപ്പിക്കേണ്ട കാലാവധി എന്നായിരുന്നുവെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി സമർപ്പിക്കുന്നതിനുള്ള തടസ്സം എന്തായിരുന്നുവെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ജലസേചന വകുപ്പിലെ ഡെലിഗേഷൻ ഓഫ് ഫിനാൻഷ്യൽ പവർ</u>

833

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ നിലവിലുള്ള ഡെലിഗേഷൻ ഓഫ് ഫിനാൻഷ്യൽ പവർ എപ്രകാരമാണെന്ന് വിശദമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിൽ ഡെലിഗേഷൻ ഓഫ് ഫിനാൻഷ്യൽ പവർ വർദ്ധിപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിൽ സ്വീകരിച്ച ഡെലിഗേഷൻ ഓഫ് ഫിനാൻഷ്യൽ പവർ ജലസേചന വകുപ്പിലും നടപ്പിലാക്കുന്നത് പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

ഭൂജല ലഭ്യതയുടെ സാധ്യതാപഠനം

834 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂജല ലഭ്യതയുടെ സാധ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത പഠനം നടത്തിയതെന്നും പ്രസ്തുത പഠന റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(സി) കാസർഗോഡ് ജില്ലയിലെ ഭൂജല ലഭ്യതയുടെ സാധ്യത സംബന്ധിച്ച് പ്രസ്തുത പഠന റിപ്പോർട്ടിലുള്ള വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ഭൂഗർഭജല ചൂഷണം</u>

835 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ചക്കാലത്ത് ഭൂഗർഭജലത്തിന്റെ അമിതമായ ചൂഷണം ഉണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂഗർഭജല ചൂഷണം നടത്തുന്ന കമ്പനികളെ നിയന്ത്രിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കാഡ കനാലുകൾ ഉപയോഗയോഗ്യമാക്കുന്നതിന് നടപടി</u>

836 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർഷങ്ങൾക്കു മുൻപ് നിർമ്മിച്ച കാഡ കനാലുകൾ ഉപയോഗശൂന്യമായിത്തീർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കനാലുകൾ ഉപയോഗയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി</u>

837 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കമാന്റ് ഏരിയ വികസന അതോറിറ്റിയുടെ ഭാഗമായി കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയിൽ 2011-12 ൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പ്രവൃത്തികളാണ് ആസൂത്രണം ചെയ്തിരുന്നതെന്നും, അതിനായി എത്ര തുകയാണ് അനുവദിച്ചിരുന്നതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇതുവരെ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിഞ്ഞു; അതിനായി എത്ര തുക ചെലവായി; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാറിലെ പുതിയ അണക്കെട്ട്</u>

838 ശ്രീ. ജോസഫ് വാഴക്കൻ
,, പാലോട് രവി
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) സുപ്രീം കോടതിയുടെ പരിസ്ഥിതി സംബന്ധമായ മേൽനോട്ട സമിതിയുടെ അംഗീകാരം നേടിയെടുക്കുന്നതിനായി സംസ്ഥാന മുല്ലപ്പെരിയാർ സെൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) പുതിയ അണക്കെട്ടുമായി ബന്ധപ്പെട്ട പരിസ്ഥിതി ആഘാത പഠനത്തിനും കേന്ദ്ര വന്യജീവി ബോർഡിന്റെ അംഗീകാരത്തിനുമായി സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള നടപടികൾ</u>

839 ശ്രീ.രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കുമോ;

(ബി) പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനു മുൻപായി നടത്തേണ്ട പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഏത് ഏജൻസിയെയാണ് പരിസ്ഥിതി ആഘാത പഠനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്; എന്നാണ് പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്തുകൊണ്ട് ഉത്തരവായതെന്നറിയിക്കുമോ;പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) എത്ര രൂപയാണ് പ്രസ്തുത ഏജൻസിക്ക് ഫീസായി നൽകേണ്ടതെന്നറിയിക്കുമോ; പ്രസ്തുത തുക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ആയതിന് ഉത്തരവാദികൾ ആരെല്ലാമെന്നറിയിക്കുമോ;

(ഇ) 2009-ൽ പരിസ്ഥിതി ആഘാത പഠനം നടത്താൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയായിട്ടും നാളിതുവരെ പ്രസ്തുത പഠനം നടത്താൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) മുല്ലപ്പെരിയാർ ഡാം നിർമാണവുമായി ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം വിളിച്ചുചേർത്ത് ഇക്കാര്യങ്ങളിൽ അടിയന്തിര തീരുമാനമെടുക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്</u>

840

ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ സ്ഥാപിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) പ്രസ്തുത പ്ലാന്റ് നിർമ്മാണം എത്ര കോടി രൂപയുടെ പദ്ധതിയാണ് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്ലാന്റ് നിർമ്മാണം എന്ന് പൂർത്തിയാക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നതെന്നറിയിക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

തിരുവനന്തപുരം നഗരത്തിലെ പൈപ്പുപൊട്ടൽ

841

ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ അടുത്തിടെയുണ്ടായ പൈപ്പുപൊട്ടലിന്റെ കാരണം എന്താണെന്നു കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും വിധത്തിലുള്ള അട്ടിമറിയോ ജീവനക്കാരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയോ മൂലമാണ് പൈപ്പ് പൊട്ടാനിടയായതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സംഭവം സംബന്ധിച്ച് വാട്ടർ അതോറിട്ടി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കല്ലുവാതുക്കല്‍ ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള പൈപ്പുലൈനുകള്‍</u>

842 ശ്രീ.ജി. എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചാത്തന്നൂര്‍ നിയോജക മണ്ഡലത്തിലെ കല്ലുവാതുക്കല്‍ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിലുണ്ടായിരുന്ന കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകള്‍ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി കാലതാമസം കൂടാതെ പൂര്‍ത്തീകരിക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>മീനാട് പദ്ധതി</u>

843

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മീനാട് പദ്ധതിയിൽ നിന്ന് പ്രകാരം എന്നത്തേക്ക് ജലവിതരണം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതി എന്നാണ് കമ്മീഷൻ ചെയ്യാൻ തീരുമാനിച്ചിട്ടുളളത് എന്നറിയിക്കുമോ;

(സി) വെളിയം ഗ്രാമപഞ്ചായത്തിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി ജലവിതരണ പൈപ്പുകൾ നാളിതുവരെയും സ്ഥാപിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) കൊല്ലം ജില്ല നേരിടുന്ന രൂക്ഷമായ കുടിവെളള ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാമായിരുന്ന പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യാൻ ഇനിയും കാലതാമസം ഉണ്ടാകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കുണ്ടറ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ</u>

844 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ ഈ വർഷം ചെറുകിട ജലസേചനവകുപ്പിന്റെ എത്ര പ്രവൃത്തികൾക്കു ഭരണാനുമതി ലഭിച്ചുവെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുതനിയോജകമണ്ഡലത്തിലെ എം.എൽ.എ. നിർദ്ദേശിച്ച എത്ര പ്രവൃത്തികൾക്കാണു ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പദ്ധതികൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

**ജലവിഭവ വകുപ്പിന്റെ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ**

845

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെ വിശദാംശങ്ങൾ നൽകുമോ;

(സി) ഭരണാനുമതി ലഭിച്ചവയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കായംകുളം വാട്ടർ അതോറിറ്റി ഓഫീസിലെ ഒഴിവുകൾ</u>

846 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം വാട്ടർ അതോറിറ്റി ഓഫീസിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തിക മാസങ്ങളായി ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയും പെട്ടെന്ന് പ്രസ്തുത ഒഴിവു നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

റാന്നി/ മല്ലപ്പള്ളി സെക്ഷനുകളിലെ ചെറുകിട ജലസേചന പദ്ധതികൾ

847 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട ജലസേചന വകുപ്പിന്റെ റാന്നി/മല്ലപ്പള്ളി സെക്ഷനുകളിൽ നിന്ന് ഏതൊക്കെ പദ്ധതികളാണ് തയ്യാറാക്കി നൽകിയിട്ടുളളത്; ഇവയിൽ എത്ര എണ്ണത്തിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനും അടിയന്തിരമായി നടപ്പാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ചേര്‍ത്തല ജപ്പാന്‍ കുടിവെള്ള പദ്ധതി</u>

848 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജപ്പാന്‍ കുടിവെള്ള പദ്ധതി പ്രകാരം ചേര്‍ത്തലയില്‍ ഇതിനോടകം എത്ര പൊതു ടാപ്പുകളിലൂടെ വെള്ളം വിതരണം ചെയ്യുന്നുണ്ടെന്നു വ്യക്തമാക്കുമോ; പ്രസ്തുത പൊതു ടാപ്പുകള്‍ ചേര്‍ത്തലയില്‍ എവിടെയെല്ലാമാണെന്നു വ്യക്തമാക്കുമോ;

(ബി) മുമ്പ് ജല അതോറിറ്റിയുടെ വെള്ളം നല്‍കിയിരുന്ന എത്ര പൊതു ടാപ്പുകള്‍ നിലവില്‍ ജപ്പാന്‍ കുടിവെള്ള വിതരണത്തിന് വിനിയോഗിക്കുന്നുണ്ട് എന്നു വ്യക്തമാക്കുമോ;

(സി) വാട്ടര്‍ അതോറിറ്റി ജലവിതരണത്തിന് ഉപയോഗിച്ചിരുന്ന പഴയ പൈപ്പ് ലൈനുകള്‍ ഉപയോഗശൂന്യമായിത്തീര്‍ന്നിട്ടുള്ളതിനാല്‍ ജപ്പാന്‍ കുടിവെള്ള പദ്ധതിയുടെ കണക്ഷന്‍ നല്‍കാനാകുന്നില്ലെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രദേശത്ത് കുടിവെള്ള കണക്ഷന്‍ ലഭിക്കുന്നതിന് പൈപ്പിന് ഒരു മീറ്ററിന് 70 രൂപ നിരക്കില്‍ പണമടക്കേണ്ടിവരുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇത്തരം നടപടികള്‍ ഉള്‍പ്രദേശങ്ങളിലുള്ള പാവപ്പെട്ട ജനങ്ങള്‍ക്ക് കുടിവെള്ള പദ്ധതി പ്രകാരമുള്ള വെള്ളം നിഷേധിക്കുന്നതിനു തുല്യമാണെന്നത് ബോധ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ബുദ്ധിമുട്ടുകള്‍ പരിഹരിക്കുവാന്‍ നടപടി സ്വീകരിക്കുമോ;

(എഫ്) വീടുകളിലേക്ക് വാട്ടര്‍ അതോറിറ്റി മുഖേനയും ജപ്പാന്‍ കുടിവെള്ള പദ്ധതി മുഖേനയും കുടിവെള്ളം വിതരണം ചെയ്യുന്ന പൈപ്പ് ലൈനില്‍ ഗുണഭോക്താവിന്റെ വീട്ടിലോ പരിസരത്തോ പോലുമല്ലാതെ സംഭവിക്കുന്ന തകരാറിന് ഉപഭോക്താവ് പണം നല്‍കേണ്ടി വരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കുന്ന ചെറുകിട ജലസേചന വകുപ്പിന്റെ പ്രവൃത്തികൾ</u>

849 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയമസഭാ മണ്ഡലത്തിൽ ഇപ്പോൾ നടപ്പാക്കിവരുന്ന ജലസേചന വകുപ്പിന്റെ ചെറുകിട പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) 2012-13 സാമ്പത്തികവർഷം ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും പ്രസ്തുതയിനത്തിൽ എന്തു തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>കുട്ടനാട് നിയോജക മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ സാമ്പത്തികാനുമതി ലഭ്യമായ നിർമ്മാണ പ്രവൃത്തികൾ</u>

850 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷത്തിൽ കുട്ടനാട് നിയോജക മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ സാമ്പത്തികാനുമതി ലഭ്യമായ മേജർ, മൈനർ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക സഹിതമുള്ള പട്ടിക ലഭ്യമാക്കുമോ;

(ബി) ആരുടെ ശുപാർശകൾ/ അപേക്ഷകൾ പ്രകാരമാണ് പ്രസ്തുത പ്രവൃത്തികൾക്ക് സാമ്പത്തികാനുമതി നൽകിയത് എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**20.03.2013-ലെ മറുപടിക്ക്**

<u>കുട്ടനാട് മണ്ഡലത്തിലെ മേജർ, മൈനർ പ്രവൃത്തികൾക്ക് സാമ്പത്തികാനുമതി</u>

851 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജക മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ കീഴിൽ മേജർ, മൈനർ പ്രവൃത്തികളുടെ സാമ്പത്തികാനുമതിക്കായി മണ്ഡലത്തിലെ് നിയമസഭാംഗം സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കി എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് മുൻഗണന നൽകി 2013-14 സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ സാമ്പത്തിക അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>പന്തളം കുടിവെള്ള പദ്ധതി</u>

852 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിലെ പന്തളത്ത് അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമത്തിന് പരിഹാരമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പന്തളം കുടിവെള്ള പദ്ധതി വർഷങ്ങളായി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി പൂർത്തീകരണത്തിന് അധികമായി വേണ്ട തുകയ്ക്ക് ഭരണാനുമതി നൽകി പ്രസ്തുത പദ്ധതി പ്രവർത്തനസജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നറിയിക്കുമോ ?

**കേരള നിയമസഭ**
**20.03.2013-ലെ മറുപടിക്ക്**

<u>പീരുമേട് നിയോജകമണ്ഡലത്തിലെ ഹെലിബറിയ വാട്ടർ സപ്ലൈ സ്കീം</u>

853 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജക മണ്ഡലത്തിലെ ഹെലിബറിയ വാട്ടർസപ്ലൈ സ്കീമിന്റെ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിക്കായി നാളിതു വരെ എത്ര തുക ചെലവഴിച്ചു എന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

വൈപ്പിൻ പ്രദേശങ്ങളിൽ കടൽച്ചിറ കെട്ടുന്നതിന് നടപടി

854

ശ്രീ. എസ് ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന ശക്തമായ വേലിയേറ്റം മൂലം പ്രസ്തുത പ്രദേശങ്ങളിൽ രൂക്ഷമായ വെളളക്കെട്ട് രൂപപ്പെട്ടിട്ടുളളതും തന്മൂലം ജനങ്ങൾ ബുദ്ധിമുട്ടുകൾ നേരിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓരോ വർഷവും ശക്തമായിക്കൊണ്ടിരിക്കുന്ന പ്രസ്തുത പ്രതിഭാസം മൂലം ദുരിതമനുഭവിക്കുന്ന പ്രദേശങ്ങൾ കൽച്ചിറകെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ആവശ്യത്തിലേക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>തൃക്കാക്കരയിൽ കുടിവെള്ള പദ്ധതി തുടങ്ങാൻ നടപടി</u>

855 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കരയിൽ കുടിവെള്ള പദ്ധതികൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) തൃക്കാക്കര കുടിവെള്ള പദ്ധതിയെ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പണി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>പേരങ്ങൂര്‍ കനാലിന്റെയും കാരണക്കോണം തോടിന്റെയും പുനരുദ്ധാരണത്തിന് നടപടി</u>

856 ശ്രീ. ബെന്നി ബെഹനാന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പേരങ്ങൂര്‍ കനാലിന്റെ പുനരുദ്ധാരണത്തിനായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കാരണക്കോണം തോട് നന്നാക്കി നീരൊഴുക്ക് സുഗമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ഞാറക്കൽ വാട്ടർ അതോറിറ്റി ഓഫീസിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി</u>

857 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഞാറക്കൽ വാട്ടർ അതോറിറ്റി ഓഫീസിൽ വിവിധ തസ്തികകളിലായി നിലവിലുള്ള ഒഴിവുകൾ എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>മലയാറ്റൂർ നമ്പർ - 2 ലിഫ്റ്റ് ഇറിഗേഷൻ കനാൽ പുനരുദ്ധരിക്കാൻ നടപടി</u>

858

ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മലയാറ്റൂർ - നീലീശ്വരം ഗ്രാമപഞ്ചായത്തിൽ മലയാറ്റൂർ നമ്പർ - 2 ലിഫ്റ്റ് ഇറിഗേഷൻ കനാൽ ഗോതമ്പ് റോഡ് മുതൽ പള്ളിപ്പേട്ട വിപ്പാണി വരെയുള്ള ഇറിഗേഷൻ കനാൽ തകർന്നു കിടക്കുന്നത് പുനരുദ്ധരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ ;

(ബി) പ്രസ്തുത മേഖലയിൽ അനുഭവപ്പെടുന്ന അതിരൂക്ഷമായ വരൾച്ച കണക്കിലെടുത്ത് പ്രസ്തുത കനാലിലെ ജലനഷ്ടം പരിഹരിക്കുന്നതിനായി പ്രസ്തുത കനാൽ, വരൾച്ചാദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി പുനരുദ്ധരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ചാലക്കുടി പ്രദേശത്തെ പൈപ്പുകൾ പൊട്ടുന്നതു മൂലമുണ്ടാകുന്ന ജല ദൗർലഭ്യം</u>

859 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മുനിസിപ്പൽ പ്രദേശങ്ങളായ പോട്ട, പനമ്പിള്ളി കോളേജ്, ഉറുമ്പൻകുന്ന് എന്നീ പ്രദേശങ്ങളിലേയും ചൗക്ക റോഡിലേയും പൈപ്പുകൾ പൊട്ടി വലിയ അളവിൽ ജലം പാഴാകുന്നതുമൂലം കുടിവെള്ള ദൗർലഭ്യം നേരിടുന്നതും റോഡുകൾ തകരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ചേലക്കര മണ്ഡലത്തിലെ ചെറുതുരുത്തി നെടിമ്പുര കുടിവെള്ള പദ്ധതി</u>

860 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ചെറുതുരുത്തി നെടിമ്പുര കുടിവെള്ള പദ്ധതി പ്രവർത്തനമാരംഭിച്ചതെന്നാണെന്നറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>'ജലനിധി' പദ്ധതിയുടെ രണ്ടാം ഘട്ടം</u>

861 ശ്രീ. കെ. അച്ചുതൻ
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ജലനിധി' പദ്ധതിയുടെ രണ്ടാം ഘട്ടം പഞ്ചായത്തുകളിൽ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) ഏന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭ്യമാകുന്നതെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>നെന്മാറ നിയോജകമണ്ഡലത്തിൽ കുടിവെള്ള പദ്ധതി ആരംഭിക്കാൻ നടപടി</u>

862

ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ പോത്തുണ്ടി ഡാം സ്രോതസ്സായി നെന്മാറ, അയിലൂർ, മേലാർകോട് പഞ്ചായത്തുകൾക്കായി കുടിവെള്ള പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ ജലനിധി രണ്ടാംഘട്ട പദ്ധതി</u>

863 ശ്രീ.എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലനിധി രണ്ടാംഘട്ട □ പദ്ധതിയിൽ പാലക്കാട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താത്ത പഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ജലനിധി രണ്ടാം ഘട്ട പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നാളിതുവരെ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

നെന്മാറ മണ്ഡലത്തിലെ ജലനിധി പദ്ധതി

864 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ജലനിധി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത പഞ്ചായത്തുകളിലെ കുടിവെള്ള ലഭ്യത സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

ഒറ്റൂർ, മണമ്പൂർ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതി

865 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റൂർ, മണമ്പൂർ ഗ്രാമപഞ്ചായത്തുകളിലേക്ക് കുടിവെള്ളമെത്തിക്കുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

പാലക്കാട് ജില്ലയിലെ ജലസംഭരണികളിലെ ജലനിരപ്പ്

866 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ജലസംഭരണികളിലെ ഓരോന്നിലെയും ഇപ്പോഴത്തെ ജലനിരപ്പ് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) മുൻവർഷങ്ങളെ അപേക്ഷിച്ച് പ്രസ്തുത ജലനിരപ്പ് അപകടകരമാംവിധം താഴ്ന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജില്ലയിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ നടപ്പാക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതി</u>

867

ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നടപ്പാക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈനിലേക്ക് പെരുവണ്ണാമുഴി ഡാമിൽ നിന്ന് ജലം ശേഖരിക്കുന്നതിന് എന്തുതരം സാങ്കേതിക വിദ്യയാണ് സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പമ്പുകളുടെ സഹായമില്ലാതെ ഗ്രാവിറ്റേഷണൽ ഫ്ളോ വഴി ജലം സംഭരിക്കാൻ കഴിയുമെന്ന ആദ്യ നിഗമനത്തിന് വിരുദ്ധമായി മറ്റ് നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഉണ്ടെങ്കിൽ പമ്പുകളുടെ പ്രവർത്തനത്തിന് വേണ്ടിവരുന്ന ഇന്ധനച്ചെലവ് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ</u>
<u>കടൽഭിത്തി നിർമ്മാണം</u>

868 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന കടലാക്രമണം ചെറുക്കുന്നതിനുളള പദ്ധതികൾ ഏതെല്ലാം എന്നറിയിക്കുമോ; ഓരോ പദ്ധതിയിലും നടന്നുവരുന്ന നിർമ്മാണപ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ ഏതൊക്കെ പഞ്ചായത്തുകളിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ പദ്ധതിക്കും എന്തു തുകയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

(ഡി) പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റെയും പുരോഗതി വ്യക്തമാക്കുമോ;

(ഇ) 2013-2014 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുള്ള കടലാക്രമണം ചെറുക്കുന്നതിനുളള പദ്ധതികൾ ഏതെല്ലാം എന്നറിയിക്കുമോ; ഓരോ പദ്ധതിയും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ; ഓരോ പദ്ധതിയുടെയും എസ്റ്റിമേറ്റ് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) കൊയിലാണ്ടി മണ്ഡലത്തിൽ കടൽഭിത്തി ഇല്ലാത്തതും കടൽഭിത്തി തകർന്നിരിക്കുന്നതുമായ പ്രദേശങ്ങൾ എവിടെയെല്ലാം എന്നും പ്രസ്തുത ഓരോ പ്രദേശത്തും കടൽഭിത്തിയില്ലാത്ത ഭാഗം ഏകദേശം എത്ര ദൂരം വരുമെന്നും വ്യക്തമാക്കുമോ;

(ജി) കടൽഭിത്തിയില്ലാത്ത പ്രസ്തുത പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് 2013-2014 ബഡ്ജറ്റിലേക്ക് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കൊയിലാണ്ടിയിലെ ചിറ്റാരി കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം</u>

869 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ ചിറ്റാരി കടവ് റഗുലേറ്റർ കം ബ്രിഡ്ജിന്റെ ഭരണാനുമതിയുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 4/01/2013 തീയതിയിലെ കത്തിൽ ഇറിഗേഷൻ ചീഫ് എഞ്ചിനീയറോട് എന്തെല്ലാം കാര്യങ്ങൾ നിർവ്വഹിക്കാനാണ് ആവശ്യപ്പെട്ടിരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കത്ത് ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചത് എന്നാണ് എന്ന് അറിയിക്കാമോ;

(സി) പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശമനുസരിച്ച് പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 2012 എസ്.ആർ അനുസരിച്ച് പുതുക്കി നൽകിയോ എന്നും ഐ.ഡി. ആർ.ബി ഡിസൈനിന്റെ പകർപ്പ് ലഭ്യമാക്കിയോ എന്നും വ്യക്തമാക്കാമോ;

(ഡി) ആദ്യഘട്ടത്തിൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിക്കുമ്പോൾ ഐ.ഡി. ആർ.ബി ഡിസൈൻ ജലവിഭവ വകുപ്പിൽ ഇറിഗേഷൻ ചീഫ് എഞ്ചിനീയർ സമർപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തിയുടെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസിൽ നിന്ന് സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് ചിഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(എഫ്) എം.ഐ.ആർ.പി.എ യിൽ ബജറ്റ് അനുമതി ലഭിച്ച പ്രസ്തുത പദ്ധതി ഇതുവരെയും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നതും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ ജലവിഭവ വകുപ്പിൽ വലിയ കാലതാമസം ഉണ്ടാ

വുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) പ്രസ്തുത പ്രവൃത്തിയുടെ ഓരോ ഘട്ടത്തിന്റെയും പുരോഗതി വ്യക്തമാകുന്ന തരത്തിലുള്ള ''കലണ്ടർ ഓഫ് കറസ്പോണ്ടൻസ്'' ലഭ്യമാക്കുമോ;

(എച്ച്) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് എടക്കാട് തോട് പുനരുദ്ധാരണം</u>

870 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ പുതിയങ്ങാടി വില്ലേജിലെ എടക്കാട്തോട് പുനരുദ്ധരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നു മുതൽ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് നഗരത്തിലെ കുടിവെള്ളക്ഷാമം</u>

871 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വരുന്ന വേനൽക്കാലത്ത് കോഴിക്കോട് നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>എലത്തൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ</u>

872 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവവകുപ്പ് എന്തൊക്കെ വികസന പദ്ധതികളാണ് ഏലത്തൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഒരോന്നിനും എത്ര തുക വീതമാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പൊന്നാനി മണ്ഡലത്തിലെ ജലവിതരണം മെച്ചപ്പെടുത്താൻ നടപടി</u>

873 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി, പെരുമ്പടപ്പ്, വെളിയങ്കോട്, ഗ്രാമപഞ്ചായത്തുകളിൽ ജലവിതരണം നടത്തുന്ന പൈപ്പ്ലൈൻ കുണ്ടുകടവ് കാഞ്ഞിരമുക്ക് പുഴയിലൂടെ കടന്നു പോകുന്നത് മൂലം ഇടയ്ക്കിടെ പൊട്ടുന്നതിനാൽ ജലവിതരണം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പൈപ്പ്ലൈൻ പാലത്തിന് മുകളിലൂടെ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ആയതിനായി സമർപ്പിച്ച പദ്ധതി റിപ്പോർട്ട് അംഗീകരിച്ച് ആവശ്യമായ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

ഭാരതപ്പുഴയിൽ ചങ്ങണാംകുന്നിൽ റഗുലേറ്റർ സ്ഥാപിക്കുന്നതിന് നടപടി

874 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയിൽ പട്ടാമ്പി മണ്ഡലത്തിൽപ്പെട്ട ഓങ്ങല്ലൂർ പഞ്ചായത്തിലെ ചങ്ങണാംകുന്നിൽ റഗുലേറ്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത റഗുലേറ്ററിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കലും ഡിസൈൻ വർക്കും പൂർത്തിയായിട്ടുണ്ടോ ;

(സി) പ്രസ്തുത റഗുലേറ്ററിന് എന്തു തുക ചെലവു പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത റഗുലേറ്റർ നിർമ്മാണത്തിന് നബാർഡിൽ നിന്ന് ധനസഹായം ലഭ്യമായിട്ടുണ്ടോ;

(ഇ) പ്രസ്തുത പദ്ധതിയിൽ നിന്ന് പാലക്കാട് തൃശ്ശൂർ ജില്ലകളിലെ നിരവധി പഞ്ചായത്തുകൾക്കും ഷൊർണൂർ മുനിസിപ്പാലിറ്റിക്കും ജലം ലഭ്യമാകും എന്നതും ചങ്ങണാംകുന്നിൽ നിന്ന് മേൽപ്പോട്ട് കിലോ മീറ്ററുകളോളം ജലം സംഭരിക്കാൻ കഴിയുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഈ വർഷമുണ്ടായ കൊടിയവരൾച്ചയുടെ കാഠിന്യം കണക്കിലെടുത്ത് പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാൻ അടിയന്തര നടപടി കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>താനൂര്‍ നിയോജക മണ്ഡലത്തില്‍ കുടിവെള്ളമെത്തിക്കുന്നതിന് പദ്ധതി</u>

875

ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) താനൂര്‍ നിയോജക മണ്ഡലത്തിലെ താനൂര്‍, താനാളൂര്‍, ചെറിയമുണ്ടം, പൊന്മുണ്ടം, നിറമരുതൂര്‍ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശങ്ങളില്‍ കുടിവെള്ളമെത്തിക്കുന്നതിന് ഭാരതപ്പുഴ സ്രോതസ്സായി എന്തെങ്കിലും പദ്ധതികളാവിഷ്ക്കരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കില്‍ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട സര്‍വ്വേ ആരംഭിച്ചിട്ടുണ്ടോ; എങ്കില്‍ സര്‍വ്വേ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി ടാങ്കും ട്രീറ്റ്മെന്റ് പ്ലാന്റും പണിയാന്‍ ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത് സ്ഥലം വിട്ടുനല്‍കാന്‍ സന്നദ്ധത അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിക്കായി എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ചെക്ക്ഡാമുകൾ നിർമ്മിക്കുവാൻ നടപടി</u>

876 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്തിപ്പുഴയിൽ കുലുക്കല്ലൂർ പഞ്ചായത്തിലെ തോണിക്കടവിലും തിരുവേഗപ്പുറപ്പഞ്ചായത്തിലെ തിരുവേഗപ്പുറയിലും വിളയൂർ പഞ്ചായത്തിലെ പാറക്കടവിലും ചെക്ക് ഡാമുകൾ നിർമ്മിക്കുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഡിസൈൻ വർക്ക് പൂർത്തിയായിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണത്തിന് നബാർഡിൽ നിന്ന് ധനസഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>നാദാപുരം നിയോജക മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി</u>

877 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ഇരുമ്പോത്തിങ്കൽ കടവിൽ റഗുലേറ്റർ കം-ബ്രിഡ്ജ് നിർമ്മിക്കുവാൻ നടപടി</u>

878 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ മണ്ണേട്ടാംപാറ ചെറി അണക്കെട്ട് പുർണ്ണമായും നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അണക്കെട്ട് തകർന്നതിനാൽ ഉപ്പുവെള്ളം കയറുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ഇരുമ്പോത്തിങ്കൽ കടവിൽ ഒരു റഗുലേറ്റർ കം-ബ്രിഡ്ജ് നിർമ്മിക്കുവാൻ തയ്യാറാക്കിയ എസ്റ്റിമേറ്റിന്മേൽ എന്തു നടപടിയാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ;

(സി) ആയിരക്കണക്കിന് കുടുംബങ്ങൾക്ക് കാർഷിക-ഗാർഹികാവശ്യങ്ങൾക്കുളള വെള്ളം ലഭിക്കുവാൻ സഹായകമായ പ്രസ്തുത പദ്ധതി എത്രയും വേഗം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

വി. സി.ബി -കം-ബ്രിഡ്ജ്

879 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുന്നിയൂർ, എ.ആർ നഗർ പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന കിഴക്കുംതോടിൽ വർഷങ്ങൾക്ക് മുൻപ് നിർമ്മിച്ച വി. സി. ബി - കം - ബ്രിഡ്ജ് പൂർണ്ണമായും തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വി. സി.ബി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ആവശ്യത്തിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും പുനർനിർമ്മാണ നടപടികൾ എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി</u>

880 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ മുമ്പ് ഉൾപ്പെടുത്തിയതും ഇപ്പോൾ ഒഴിവാക്കിയതുമായ ചെറുകുന്ന്, കണ്ണപുരം, പട്ടുവം ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയും; വിശദാംശം നൽകുമോ;

(സി) പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>തലശ്ശേരി മണ്ഡലത്തിലെ ശുദ്ധജല വിതരണം</u>

881 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ വിവിധ പ്രദേശങ്ങളിൽ ശുദ്ധജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എത്ര നിവേദനങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിവേദനങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഈ സർക്കാർ തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ജലവിഭവ വകുപ്പിനു കീഴിൽ എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും ഓരോ പദ്ധതിയുടെയും വിശദാംശവും വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ഓരോ പദ്ധതിക്കും എന്തു തുക നീക്കി വെച്ചിട്ടുണ്ടെന്നും ആയതിൽ എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കുമോ?

**കേരള നിയമസഭ**
**20.03.2013-ലെ മറുപടിക്ക്**

<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ</u>

882 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ആകെ എത്ര കുടിവെള്ള പദ്ധതികൾക്കാണ് ജലവിഭവവകുപ്പ് അനുമതി നൽകിയിട്ടുളളതെന്നും അവ ഏതെല്ലാം വിഭാഗത്തിൽ പെടുന്നവയാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഒരോന്നും എന്നാണ് നിർമ്മാണം ആരംഭിച്ചത് എന്നും അവയിൽ ഏതെല്ലാം പദ്ധതികളാണ് പൂർത്തിയായിട്ടുളളതെന്നും വ്യക്തമാക്കുമോ;

(സി) പൂർത്തിയാകാത്ത പദ്ധതികൾ ഏതെല്ലാമാണെന്നും അവ പൂർത്തിയാകേണ്ടിയിരുന്ന തീയതി എന്നായിരുന്നുവെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുന്നതിനുളള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?